## ആരോഗ്യവകുപ്പ് കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (എ&റ്റി)

## നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് - ജീവനക്കാര്യം- ഫീഡർ കാറ്റഗറിയിൽനിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനത്തിനർഹതയുള്ളവരുടെ 1/1/2016 മുതൽ 31/10/2017 വരെയുള്ള പ്രാഥമിക സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) ഉത്തരവ് നം. ഇ.എസ്1-1449/2016/ആ.വ.ഡ തീ: 21/6/2016.
2) സർക്കുലർ നം. ഇ.എസ്1-99492/17/ആ.വ.ഡ തീ: 21/6/2016.
3)ഗ.ഉ. (പി) നം. 344/2006/ആ.കു.വ തീ: 8/7/2008
4) ഗ.ഉ. (എം.എസ്) നം. 180/2012/ആ.കു.വ. തീ: 15/6/2012.
5) ഗ.ഉ. (പി) നം. 76/2017/ആ.കു.വ. തീ: 12/12/2017.

## ഉത്തരവ് നം. ഇ.എസ്.1-99492/17/ആ.വ.ഡ/തീ. 18/5/2018.

പരാമർശം (1) ഉത്തരവ്പ്രകാരം ഫീഡർ തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനത്തിന് അർഹതയുള്ളവരുടെ 1/6/2014 മുതൽ 31/12/2015 വരെയുള്ള സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു. തുടർന്ന് 1/1/2016 മുതൽ 31/10/2017 വരെയുള്ള സീനിയോറിട്ടി പട്ടിക തയ്യാറാക്കുന്നതിനായി പരാമർശം (2) സർക്കുലർ മുഖേന അപേക്ഷ ക്ഷണിക്കുകയും ആകെ 09 (ഒൻപത്) അപേക്ഷകൾ ലഭിക്കുകയുമുണ്ടായി. പരാമർശം (3), (4) പ്രകാരം ഫീഡർ തസ്തികയിൽനിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, തസ്തികമാറ്റം വഴി നിയമനത്തിന് നിലവിലുണ്ടായിരുന്ന യോഗ്യതാ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് പരാമർശം (5) പ്രകാരം 12/12/2017ൽ സർക്കാർ ഉത്തരവുണ്ടായിട്ടുള്ളതാണ്. ആയതിൻ പ്രകാരം പ്രസ്തുത നിയമനത്തിനുള്ള യോഗ്യതകൾ ചുവടെ ചേർക്കും പ്രകാരമാണ്.

1) ജനറൽ:- പ്ലസ് ടു (സയൻസ്) വിജയം / തത്തുല്യ യോഗ്യത.
2) ടെക്നിക്കൽ - കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽനിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (എച്ച്.ഐ.സി) ഡിപ്ലോമ.
3) രജിസ്ട്രേഷൻ:- കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ.

കുറിപ്പ്:- 1) നിലവിൽ 5 വർഷം സർവീസ് ഉള്ളതും എസ്.എസ്.എൽ.സി, എസ്.ഐ.സി /എച്ച്.ഐ.സി. യോഗ്യതയുള്ളവരുമായ ജീവനക്കാരെ പ്ലസ് ടു / എച്ച്.ഐ.സി. ഡിപ്ലോമ യോഗ്യതയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.

2) 2008 ജൂലൈ 8ന് സർക്കാർ സർവീസിൽ ഉണ്ടായിരുന്നവരും 2010 ഡിസംബർ 31ന് ആരോഗ്യവകുപ്പിൽ ജോലിയുള്ളവരുമായവരെയും പ്ലസ് ടു / എച്ച്.ഐ.സി. ഡിപ്ലോമ യോഗ്യതയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് മുകളിൽ സൂചിപ്പിച്ചിട്ടുള്ള മതിയായ യോഗ്യതകൾ എല്ലാമുള്ള ജീവനക്കാരുടെ 1/1/2016 മുതൽ 31/10/2017 വരെയുള്ള

പ്രാഥമിക സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. ഒരോ ജീവനക്കാരൻേറയും ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി, സാങ്കേതിക യോഗ്യത നേടിയ തീയതി, ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി എന്നിവ അടിസ്ഥാനമാക്കിയാണ് സീനിയോറിട്ടി നിർണ്ണയിച്ചിട്ടുള്ളത്.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും തങ്ങൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ മേധാവികൾ മുഖേന ഈ ലിസ്റ്റ് എല്ലാ ജീവനക്കാരുടെയും അറിവിലേക്ക് എത്തിക്കേണ്ടതും, ടി പ്രാഥമിക സീനിയോറിട്ടി ലിസ്റ്റ് സംബന്ധിച്ച് പരാതിയുള്ളവരിൽനിന്നും അപ്പീലുകൾ സ്വീകരിച്ച് 30 ദിവസങ്ങൾക്കുള്ളിൽ പ്രത്യേക ദൂതൻ വശം ഈ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. നിശ്ചിത കാലയളവിനുശേഷം ലഭിക്കുന്ന അപ്പീലുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല,

ഡോ. എ. സെമീറ
അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്:- എല്ലാ ജീവനക്കാരും

പകർപ്പ്:- 1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും
2) ഡി.എച്ച്.എസ്. ഔദ്യോഗിക വെബ് സൈറ്റ്
3) ഫയൽ / സ്റ്റോക്ക് ഫയൽ

| SL NO | NAME | DATE OF BIRTH | DESIGNATION | DATE OF ENTRY IN HSD | PRESENT STATION | SCALE OF PAY | QUALIFICATION | | DATE OF ACQUIRING OF TECHNICAL QUALIFICATION |
|---|---|---|---|---|---|---|---|---|---|
| | | | | | | | GENERAL | TECHNICAL | |
| 1 | MINI M.M. | 10-03-1972 | OFFICE ATTENDANT | 15-07-2010 | PH CENTRE EZHOM KANNUR | 16500- 35700 | Pre - Degree | HIC | Dec-16 |
| 2 | KEERTHI C.C. | 18-01-1978 | FIELD WORKER | 25-09-2010 | DVC UNIT KOZHIKODE | 17000-37500 | BSc | HIC | Dec-16 |

Additional Director of Health Services (A&T)